LIBRARY ARCHIVES Kerala Legislative Assembly

ഊർജ്ജ സംരക്ഷണ നിയമ നടത്തിപ്പിന്റെ ഭാഗമായി കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിനു കീഴിലുള്ളതും ഊർജ്ജ സംരക്ഷണ നിയമം നടപ്പിലാക്കുന്ന കേന്ദ്ര ഏജൻസിയുമായ ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസിയുടെ സഹായത്തോടുകൂടി എൽ.ഇ.ഡി. തെരുവു വിളക്ക് പദ്ധതി, എൽ.ഇ.ഡി. വില്ലേജ് പദ്ധതി, സർക്കാർ കെട്ടിടങ്ങളിലെ ഊർജ്ജ ഓഡിറ്റിംഗ്, തെരഞ്ഞെടുക്കപ്പെട്ട ട്രാൻസ്ഫോർമർ സ്റ്റേഷനുകളിലെ വിതരണ നഷ്ടത്തെക്കുറിച്ചുള്ള പഠനം, കുട്ടികൾക്കുള്ള ടച്ച് സ്ക്രീൻ കിയോസ്കുകൾ സ്ഥാപിക്കൽ പദ്ധതി എന്നിവയും നടത്തിവരുന്നു.

ഗാർഹിക മേഖലയിൽ ഊർജ്ജ ക്ലിനിക്, വ്യവസായങ്ങളിൽ ഊർജ്ജ ഓഡിറ്റിംഗ്, കെട്ടിടങ്ങളിൽ എനർജി ആഡിറ്റ്, വിദ്യാലയങ്ങളിൽ ഊർജ്ജ സംരക്ഷണ ക്ലബ്ബുകൾ, പരിശീലന പരിപാടികൾ, ബോധവൽക്കരണ പരിപാടികൾ എന്നിവ എനർജി മാനേജ്മെന്റ് സെന്റർ നടത്തി വരുന്നു. വൈദ്യുതി സംരക്ഷണത്തിനുള്ള മാർഗ്ഗങ്ങൾ രേഖപ്പെടുത്തി ലീഫ്ലെറ്റുകൾ, മീറ്റർ റീഡർമാർ മുഖേന ഉപഭോക്താക്കളിൽ എത്തിച്ചിട്ടുണ്ട്. റെസിഡന്റ്സ് അസോസിയേഷൻ, കുടുംബശ്രീ എന്നിവയുമായി ബന്ധപ്പെട്ട് നിരവധി ബോധവൽക്കരണ പരിപാടികൾ വൈദ്യുതി ബോർഡിന്റെ സെക്ഷനാഫീസുകൾ കേന്ദ്രീകരിച്ച് നടക്കുന്നുണ്ട്. ദൃശ്യശ്രവ്യമാധ്യമങ്ങൾ വഴി പ്രസിദ്ധ സിനിമാതാരങ്ങളുടെ സഹകരണത്തോടെ വിപുലമായ ബോധവൽക്കരണങ്ങൾ നടത്തിവരുന്നു. ഈ വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഒരു എനർജി ക്രെഡിറ്റ് സിസ്റ്റം ഊർജ്ജ സംരക്ഷണം പ്രോത്സാഹിപ്പിക്കാനായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിൻപ്രകാരം മുൻവർഷത്തെ അപേക്ഷിച്ച് വൈദ്യുതി ഉപയോഗത്തിൽ കുറവ് വരുത്തുന്ന ഗാർഹിക ഉപഭോക്താക്കൾക്ക് വൈദ്യുതി ഉപയോഗത്തിൽ വരുത്തിയ കുറവ് പോയിന്റ് അടിസ്ഥാനത്തിൽ കണക്കാക്കി അതിന് തത്തുല്യമായ തുക ഉപയോഗിച്ച് കുട്ടികൾക്ക് പുസ്തകം വാങ്ങുവാനോ അല്ലെങ്കിൽ സപ്ലൈക്കോയിൽനിന്നും സാധനങ്ങൾ വാങ്ങുവാനോ സാധിക്കുന്നതാണ്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

ദീപാലങ്കാരം മുഖേന ഉണ്ടാകുന്ന വൈദ്യുതി നഷ്ടവും അപകടങ്ങളും

164 (5569) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക വിഭാഗ സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ പരിപാടികൾക്ക്, റോഡുകളിൽ ഉയർത്തുന്ന കമാനങ്ങളുടെ ദീപാലങ്കാരം മുഖേന, വൈദ്യുതി നഷ്ടവും അപകടങ്ങളും ഉണ്ടാകുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ, ഇവ നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) അപകടങ്ങൾ ഒഴിവാക്കുന്നതിനായി പോസ്റ്റുകളിലേയും ട്രാൻസ്ഫോർമറുകൾക്കടുത്തുമുള്ള ബാനറുകളും പോസ്റ്ററുകളും അഴിച്ചു മാറ്റുവാൻ പൊതുവായ നിർദ്ദേശം ഫീൽഡ് ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്.

വാകത്താനം സബ്ഡിവിഷനിൽ വൈദ്യുതി മുടങ്ങുന്നത് ഒഴിവാക്കാൻ നടപടി

165 (5570) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിൽ പള്ളം ഡിവിഷനിൽ വാകത്താനം സബ് ഡിവിഷനിൽപ്പെട്ട പാറക്കുളം, കൊളാകുളം, വേടർ കോളനി തുടങ്ങിയ പ്രദേശങ്ങളിൽ പതിവായി വൈദ്യുതി തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ പ്രദേശത്ത് വൈദ്യുതി തടസ്സപ്പെടുന്നത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ചങ്ങനാശ്ശേരി സബ്സ്റ്റേഷനിൽനിന്നും വരുന്ന വാകത്താനം ഫീഡറിന്റെയും കറിച്ചി ഫീഡറിന്റേയും അവസാന ഭാഗത്താണ് ഈ പ്രദേശങ്ങൾ സ്ഥിതി ചെയ്യുന്നത്. പ്രസ്തുത പ്രദേശങ്ങളിൽ വൈദ്യുതി തടസ്സം ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വാകത്താനം സബ്സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതോടുകൂടി ഈ പ്രദേശങ്ങളിലെ വൈദ്യുതി തടസ്സം ഒരു പരിധി വരെ കുറയ്ക്കാൻ സാധിക്കും. പ്രസ്തുത സബ്സ്റ്റേഷൻ മാർച്ച് 2011-ൽ പണി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. വാകത്താനത്ത് ഒരു 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു.

ബാലുശ്ശേരി മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണം

166 (5571) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണത്തിന് 2010 ജൂൺ വരെ എത്ര തുക വേണ്ടിവന്നുവെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത ആവശ്യത്തിനായി പഞ്ചായത്ത് തലത്തിൽ വേണ്ടി വന്ന തുക എത്ര ?